# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7014      11-7-2014 ൽ മറുപടിക്ക്

## സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.കെ.ബാലൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എ. പ്രദീപ്കുമാർ | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സ്കൂളുകളിൽ അദ്ധ്യയന സമയത്ത് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ വല്ലതും നിലവിലുണ്ടോ; എങ്കിൽ ഇത് പാലിക്കപ്പെടുന്നുണ്ടോ; | (എ) | നിയന്ത്രണങ്ങൾ ഒന്നും നിലവിലില്ല. |
| (ബി) | തിരുവനന്തപുരം കോട്ടൺഹിൽ സ്കൂൾ പ്രധാനാദ്ധ്യാപികയെ സ്ഥലം മാറ്റുന്നതിനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; | (ബി) | 16-6-2014 ൽ കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്-ൽ ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഇംഗ്ലീഷ് ക്ലബുകളുടെ ഉത്ഘാടനവും അവാർഡ് ദാന ചടങ്ങും ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി പങ്കെടുക്കുന്ന ചടങ്ങായിരുന്നു. പ്രസ്തുത ചടങ്ങിൽ ഒരു മാതൃകാ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരി എന്ന നിലയിൽ പ്രവർത്തിക്കാതെ പെരുമാറ്റ ചട്ടം ലംഘിച്ചതിനാണ് പ്രഥമാദ്ധ്യാപികയെ സ്ഥലം മാറ്റുകയും അതോടൊപ്പം തന്നെ ഇത്തരത്തിലുള്ള നടപടിയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ചാർജ് മെമ്മോ നൽകുകയും ചെയ്തത്. |

(സി) പ്രധാനാദ്ധ്യാപികയുടെ പേരിൽ ആരോപിക്കപ്പെട്ട കുറ്റം എന്തായിരുന്നു; ഇതിന് പ്രസ്തുത അദ്ധ്യാപികയുടെ വിശദീകരണം തേടിയിരുന്നോ; വിശദീകരണം നൽകുന്നതിന് എത്ര ദിവസത്തെ സാവകാശമാണ് നൽകിയത്; വിശദീകരണം ലഭിച്ചതിനുശേഷമായിരുന്നോ നടപടിയെന്ന് വ്യക്തമാക്കാമോ;

(സി) 16-6-2014 ൽ കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്-ൽ വെച്ച് നടന്ന ബഹുമാനപ്പെട്ട കേരള വിദ്യാഭ്യാസ മന്ത്രി പങ്കെടുത്ത ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടന്ന അവാർഡ് ദാന ചടങ്ങിൽ ഒരു മാതൃകാ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേധാവിക്ക് നിരക്കാത്ത നിലയിൽ പ്രവർത്തിച്ച എന്നതാണ് പ്രഥമാദ്ധ്യാപികയ്ക്കെതിരെ ആരോപിക്കപ്പെട്ട കുറ്റം. ഇതിന്മേൽ കുറ്റാരോപണ മെമ്മോ നൽകി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. വിശദീകരണം നൽകുന്നതിന് 15 ദിവസത്തെ സമയം അനുവദിച്ചിരുന്നു. സ്ഥലം മാറ്റുന്നതിനൊപ്പം വിശദീകരണം തേടുന്നതിനും തീരുമാനിക്കുകയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിൽ നിന്ന് കുറ്റാരോപണ മെമ്മോ നൽകുകയും അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ നിന്ന് സ്ഥലം മാറ്റ ഉത്തരവും നൽകിയിരുന്നു.

(ഡി) സ്കൂൾ അദ്ധ്യയന സമയം നഷ്ടപ്പെടുത്തിക്കൊണ്ട് സ്കൂളുകളിൽ പൊതുപരിപാടികൾ സംഘടിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ